# CAREER Updates

# പത്രവൃത്താന്തം

**15.07.2024 (തിങ്കൾ)**



- ⇨ 2024 ജൂലൈയിൽ പുറത്തുവന്ന സുവോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ 2023-ലെ വാർഷിക റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ജന്തുവൈവിധ്യത്തിൽ ഏറ്റവും മുന്നിലുള്ളത്
- ✔ കേരളം
- ആകെ 101 പുതിയ ഇനം ജീവികളെയാണ് 2023-ൽ കേരളത്തിൽ നിന്നും കണ്ടെത്തിയത്. ബംഗാളാണ് രണ്ടാം സ്ഥാനത്ത്. ചിലന്തികളുടേയും വണ്ടുകളുടേയും വൈവിധ്യത്തിലും കേരളം മുന്നിലാണ്. കേരളത്തിൽ നിന്നും 13 പുതിയ ഇനം ചിലന്തികളെയാണ് കണ്ടെത്തിയത്. പുതിയതായി കണ്ടെത്തപ്പെട്ട 91 ഷഡ്പദങ്ങളിൽ 24 എണ്ണവും കേരളത്തിലുള്ളവയാണ്.
- ഇന്ത്യയിലാദ്യമായി വിട്ടിൽ വിഭാഗത്തിൽ നിന്നും കണ്ടെത്തിയ ഏക നീളൻ പച്ചവിട്ടിലിനെ പേപ്പാറ, ചെന്തുരുണി വന്യജീവിസങ്കേതങ്ങളിലാണ് കണ്ടെത്തിയത്. കോട്ടയത്ത് നിന്നും കണ്ടെത്തിയ പുതിയ ഇനം ചീവീട് ആയ പുരാനാ ചീവീടാ, ഇന്ത്യയിൽ തന്നെ ആദ്യമായി കണ്ടെത്തപ്പെട്ട പുതിയ ഇനം ചിതലായ ടെർമിസ് കോർട്ടിയം, തെന്മലയിൽ നിന്നും കണ്ടെത്തിയ പുതിയ ഇനം തേളായ ഇസോമെട്രസ് തെന്മല തുടങ്ങിയവയും സുവോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ ജന്തുവൈവിധ്യ പട്ടികയിലുൾപ്പെടുന്നു.

CAREER GUIDANCE BUREAU

- ⇨ 2024 ജൂലൈയിൽ വിംബിൾഡൺ പുരുഷ സിംഗിൾസ് കിരീടം നേടിയത്
- ✔ കാർലോസ് അൽകരാസ് (സ്പെയിൻ)
- നൊവാക് ജോക്കോവിച്ചിനെയാണ് ഫൈനലിൽ അൽകരാസ് പരാജയപ്പെടുത്തിയത്.
- അൽകരാസിന്റെ നാലാമത് ഗ്രാൻസ്ലാം സിംഗിൾസ് കിരീടമാണിത്. 2023-ലും സിംഗിൾസ് ഫൈനലിൽ ജോക്കോവിച്ചിനെ പരാജയപ്പെടുത്തിയാണ് അൽകരാസ് വിംബിൾഡൺ കിരീടം നേടിയത്.
- ⇨ 2024-ലെ വിംബിൾഡൺ പുരുഷ ഡബിൾസിൽ കിരീടം നേടിയത്
- ✔ ഹെൻറി പാറ്റേൻ (ബ്രിട്ടൺ) - ഹാരി ഹെലിയോവറ (ഫിൻലന്റ്) സഖ്യം
- ⇨ 2024 ജൂലൈയിൽ നേപ്പാളിന്റെ പുതിയ പ്രധാനമന്ത്രിയായി ചുമതലയേറ്റത്
- ✔ കെ.പി. ശർമ്മ ഒലി
- ⇨ 2024 ജൂലൈയിൽ ഏത് ക്ഷേത്രത്തിലെ രത്നഭണ്ഡാരമാണ് 46 വർഷത്തെ ഇടവേളയ്ക്കുശേഷം വീണ്ടും തുറന്നത്?
- ✔ പുരി ജഗന്നാഥക്ഷേത്രം, ഒഡീഷ
- ⇨ 2024 ജൂലൈയിൽ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥിയായ ഡൊണാൾഡ് ട്രംപിനെതിരെയുണ്ടായ വധശ്രമത്തെ തുടർന്ന് സുരക്ഷാ ഉദ്യോഗസ്ഥർ വെടിവച്ചുകൊന്ന അക്രമി
- ✔ തോമസ് മാത്യു ക്രൂക്സ്
- ⇨ 2024 ജൂലൈയിൽ മെഡിക്കൽ ഉപകരണങ്ങളുടെ തിരഞ്ഞെടുപ്പ്, സംഭരണം, ഉപയോഗം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ലോകാരോഗ്യ സംഘടന ആരംഭിച്ച പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം
- ✔ MeDevIS (Medical Devices Information System)

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999